(എച്ച്) ഇൻഫർമേഷൻ കേരള മിഷൻ ഇതിലേയ്ക്കായി എത്ര കെട്ടിടങ്ങൾ എവിടെയെല്ലാം വാടകയ്ക്ക് എടുത്തിട്ടുണ്ട്; ഇതിന്റെ വാടകയെത്ര; ഈ കെട്ടിടങ്ങൾ സജ്ജീകരിക്കുന്നതിനും മോടി പിടിപ്പിക്കുന്നതിനും എന്തു തുക ചെലവാക്കിയിട്ടുണ്ട്; വിശദീകരിക്കാമോ;

(ഐ) ഈ കെട്ടിടങ്ങളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ്, കഴിഞ്ഞ ഒരു വർഷത്തെ ഇൻഫർമേഷൻ കേരള മിഷനിലെ ഫോൺബില്ല് (മൊബൈൽ ഫോൺ ഉൾപ്പെടെ) എന്നിവ എത്രയാണ്;

(ജെ) വാഹനങ്ങൾ വാടകയ്ക്കെടുത്ത വകയിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു; ഈ ഇനത്തിൽ പ്രതിമാസം എത്ര തുക ചെലഴിക്കുന്നുണ്ട്;

(കെ) ഇൻഫർമേഷൻ കേരള മിഷൻ 40 സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചുവയിൽ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു എന്ന് പ്രഖ്യാപിക്കപ്പെട്ട വെള്ളനാട് പഞ്ചായത്തിൽ ഇതിൽ എത്ര പാക്കേജുകൾ പ്രവർത്തനക്ഷമമാണ്?

ഉത്തരം

(എ—കെ) വിവരം ശേഖരിച്ചുവരുന്നു.

നിലത്തെഴുത്താശാൻമാർക്ക് ഗ്രാന്റ് ലഭ്യമാക്കുന്നതിന് നടപടി

100 [3489] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുടിപ്പള്ളിക്കൂടങ്ങളിലെ നിലത്തെഴുത്താശാൻമാർക്ക് സർക്കാരിൽനിന്നും ലഭിക്കേണ്ട ഗ്രാന്റുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഗ്രാന്റ് തുക ലഭ്യമാക്കാൻ കഴിയും;

(ഡി) കുടിപ്പള്ളിക്കൂടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ഇ) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി & ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly